ശ്രീ. കെ.സി. വേണുഗോപാൽ: മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. അത് സംരക്ഷിക്കുന്നതിനും നന്നാക്കി എടുക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഗവൺമെൻറ് ആവശ്യപ്പെടുന്നതാണ്.

ശ്രീ. കെ. ബാബു: സർ, മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രശ്നം സെലക്ട് കമ്മിറ്റിയുടെ മുമ്പിലാണെന്ന് പറയുകയുണ്ടായോ? മലബാർ ദേവസ്വം രൂപീകരിക്കുന്നതിന് എത്ര രൂപ പ്രതിവർഷം ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ? 100 കോടി രൂപ പ്രതി വർഷം ചെലവ് വരുമെന്നാണ് ആദ്യം പറഞ്ഞത്; 36 കോടി രൂപ ചെലവ് വരുമെന്ന് രണ്ടാമത് പറഞ്ഞു. ദേവസ്വം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശത്തിന് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നു എന്നാണ് മനസ്സിലാകുന്നത്. ആ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്നത്തേയ്ക്ക് മലബാർ ദേവസ്വം ബോർഡിൻെറ രൂപീകരണം നടത്താൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് നമുക്കറിയാം അവിടെ ശബരിമല പോലെയോ ഗുരുവായൂർ പോലെയോ വരുമാനമുള്ള വലിയ ക്ഷേത്രങ്ങളൊന്നുമില്ല. വളരെ തുച്ഛമായ വരുമാനമുള്ള ക്ഷേത്രങ്ങളും മാത്രമേ അവിടെയുള്ളൂ. ഇപ്പോൾ ഇവിടെ സൂചിപ്പിച്ച ഒരു കണക്കനുസരിച്ച് 100 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. വ്യത്യസ്ത കണക്കുകളും ചിലർ നിരത്തുന്നുണ്ട്. ഏതായാലും ഗവൺമെൻറ് അതേക്കുറിച്ച് പഠിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സെലക്ട് കമ്മിറ്റിയുമായി മുന്നോട്ട് പോകുന്നതിനുവേണ്ടി ആഗ്രഹിക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഭാരതീയ പാരമ്പര്യത്തിൽ ശ്രദ്ധേയമായ ശ്രീകൃഷ്ണനാമം അനുസ്മരിപ്പിക്കുന്ന രീതിയിൽ മലപ്പുറം ജില്ലയിൽ മൂർക്കനാട് എന്ന പ്രദേശത്ത് വൃന്ദാവനം ഗോകുലമായി പ്രവർത്തിക്കുന്നുണ്ട്. ഭൂമി മുഴുവൻ സംരക്ഷിച്ചു നടത്തുന്ന ഗോകുലത്തിൽ നിരവധി ജീവജാലങ്ങളുണ്ട്; പ്രത്യേകിച്ച് പശുക്കളുണ്ട്. അതുപോലെ അവിടെ കൃഷിയും നന്നായി നടക്കുന്നുണ്ട്. ഇതിൻെറയൊക്കെ ഇപ്പോഴത്തെ അവസ്ഥ നിയമസഭയിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഗോകുലത്തിൻെറ കാര്യം വളരെ സജീവമായി ഗവൺമെൻറ് പരിഗണിച്ചുവരികയാണ്; ഗുരുവായൂർ ദേവസ്വം ബോർഡ് പരിഗണിച്ചു വരികയാണ്. അത് നന്നായി നടത്തുന്നതിനു വേണ്ടിയും അവിടുത്തെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേകിച്ച് അങ്ങ് പറഞ്ഞ കാര്യം ഗവൺമെൻറ് പരിശോധിക്കാം.

കൃഷി ആവശ്യത്തിന് സൗജന്യ വൈദ്യുതി

*2 [290] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൃഷി ആവശ്യത്തിന് സൗജന്യ വൈദ്യുതി നൽകുന്ന പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ വൈദ്യുതി ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ എടുത്തശേഷം അത് മറ്റുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് തടയുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. 1-8-1995 മുതൽ നെൽകൃഷിക്ക് പൂർണ്ണമായും കൃഷി ഭൂമിയുടെ വിസ്തീർണ്ണം പരിധിയില്ലാതെ 1-4-1997 മുതൽ മറ്റ് കൃഷി കാര്യത്തിന് രണ്ട് ഹെക്ടർ വരേയും സൗജന്യ വൈദ്യുതി നൽകുന്നു. അവർക്കെല്ലാം കണക്ഷൻ ലഭിക്കുന്നതിനുള്ള എന്തെങ്കിലും ചാർജ്ജോ, ഫീസോ ഉണ്ടെങ്കിൽ അതും സെക്യൂരിറ്റി ഡിപ്പോസിറ്റും കർഷകർ വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ടതാണ്. കൃഷി ആവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക മുൻഗണന ഇപ്പോഴും നിലവിലുണ്ട്. കർഷകർക്ക് കണക്ഷൻ നൽകുന്നതിന് ഒരു വിഭാഗത്തിനും പ്രത്യേക നിയന്ത്രണമില്ല.

(ബി) കൃഷിഭവൻ ശുപാർശ നൽകുന്ന അപേക്ഷകർക്കാണ് സൗജന്യ വൈദ്യുതി നൽകുന്നത്.

(സി) ഉണ്ട്.

(ഡി) വൈദ്യുതി ദുരുപയോഗം കണ്ടെത്തുന്നതിനും നടപടിയെടുക്കുന്നതിനുമായി ആൻറിപവർ തെഫ്റ്റ് സ്ക്വാഡുകളും പി. ആർ. എസ്. ഡിവിഷൻ/സെക്ഷൻ തല സ്ക്വാഡുകളും എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാർഷിക ആവശ്യത്തിനുള്ള കണക്ഷൻ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് മീറ്റർ റീഡർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ താരീഫിന്റെ ഒന്നര മടങ്ങ് മൂന്ന് മാസത്തേയ്ക്ക് ഈടാക്കുന്നതാണ്. കൂടാതെ മുൻഗണന ഇനത്തിൽ കിട്ടിയ കണക്ഷനും ഒ. വൈ. ഇ. സി. യിലും ചാർജ്ജ് ഈടാക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി: അങ്ങ് ഇവിടെ നൽകിയ *ഉത്തരത്തിൽ രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള കർഷകർക്കാണ് ഫ്രീയായി വൈദ്യുതി കണക്ഷൻ കൊടുക്കുന്നത് എന്ന് പറഞ്ഞു. അത് കൊടുക്കുന്നതോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റ്, ചാർജ്ജ്, ഫീസ് ഇതെല്ലാം ഈ കർഷകർ കൊടുക്കേണ്ടതായിട്ടുണ്ട്. രണ്ട് ഹെക്ടറിൽ താഴെ എന്നു പറയുന്നത് വളരെ പാവപ്പെട്ട കർഷകരാണ്. എന്റെ ആവശ്യം രണ്ട് ഹെക്ടർ എന്ന പരിധി കൂട്ടണം എന്നതാണ്. അതോടൊപ്പംതന്നെ അവരിൽനിന്ന് ഈടാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, ചാർജ്ജ്, മറ്റ് ഫീസ്, എന്നിവ നിലവിലുള്ള തുകയുടെ 50 ശതമാനമായി കുറച്ച് കർഷകരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കണം. അതോടൊപ്പംതന്നെ ഇതിലെ സബ്സിഡി ബോർഡാണോ വഹിക്കുന്നത് ഗവൺമെന്റാണോ വഹിക്കുന്നത് എന്നറിയണം. അതിന്റെ കണക്കുകൂടി ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ചാർജ്ജ് എന്നു പറയുന്നത് എൽ. ടി. ആണെങ്കിൽ ഒരു കിലോവാട്ടിന് ആറ് ഉറുപ്പികയേ വരുന്നുള്ളൂ. എച്ച്. ടി. കണക്ഷനാണെങ്കിൽ ഒരു കിലോ വാട്ടിന് 165 ഉറുപ്പിക. രണ്ടു ഹെക്ടർ എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കര കൃഷിക്കാണ്. നെൽകൃഷി ആണെങ്കിൽ എത്ര ഏക്കർ ഉണ്ടെങ്കിലും 1-8-1995-ൽ ശ്രീ. ആന്റണിയുടെ ഗവൺമെന്റ് അത് മുഴുവൻ സബ്സിഡിയായി നൽകിയിട്ടുണ്ട്. അതിനുശേഷം എൽ. ഡി. എഫ്. ഗവൺമെന്റ് 1-4-1997 മുതൽ കര കൃഷിക്ക് രണ്ട് ഹെക്ടർ വരെ വച്ചു. അത് ആദ്യം, ഉണ്ടായിരുന്നില്ല. അതാണ് ഈ രണ്ട് ഹെക്ടർ എന്നു പറയുന്നത്. നെൽകൃഷിക്ക് പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. യഥാർത്ഥത്തിൽ കൃഷി ഭവനിൽ കൃഷിക്കാർ അവരുടെ പേര് രജിസ്റ്റർ ചെയ്യണം. അങ്ങനെ പേര് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ കൃഷി ഭവനിൽ നിന്ന് എ. ഇ.-മാരെ ഇത് അറിയിക്കും. അതായത് ഇന്നയിന്ന കൃഷിക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ കൃഷിക്കാരെല്ലാം സബ്സിഡിക്ക് അർഹതപ്പെട്ടവരാണെന്നുള്ള വിവരം അറിയിക്കും, സാധാരണ അഗ്രികൾച്ചർ ഡയറക്ടർ ഡെപ്യൂട്ടി ചീഫ് എൻജിനീയറെ അറിയിക്കണം എന്നുള്ളതാണ്. പക്ഷേ നടന്നു വരുന്നത് കൃഷി ഭവനിൽ നിന്ന് എ. ഇ.-മാരെ അറിയിക്കുന്നു. ഇത് കിട്ടിക്കഴിഞ്ഞാൽ 15 ദിവസംകൊണ്ട് എ. ഇ.-മാർ ഇൻവോയിസ് കൃഷിഭവന് അയയ്ക്കും. കൃഷിഭവനാണ് അതിന് പണമടയ്ക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് കൃഷിഭവനിൽ നിന്ന് അതിന് ആരാണ് പണം നൽകുന്നത് എന്നാണ്. കൃഷി ഡിപ്പാർട്ടുമെന്റാണ് നൽകുന്നത്. അതിൽ എത്ര കിട്ടാനുണ്ടെന്ന് അദ്ദേഹം ചോദിച്ചു. 31-3-2005 വരെ അറുപത്തിയഞ്ചു കോടിയിൽപരം ഉറുപ്പിക കിട്ടാനുണ്ട്.

ശ്രീ. തമ്പാനൂർ രവി: കേരളത്തിലെ കൃഷിക്കാർ ഒരുപാട് പ്രശ്നങ്ങൾ അനുഭവിക്കുന്ന കാലഘട്ടമാണിത്. കൃഷി ഭവനിൽ സൗജന്യ പ്രയോറിറ്റിയൊക്കെ ഉണ്ടെങ്കിലും ഷോർട്ടേജ് ഓഫ് മെറ്റീരിയൽസ് ഉണ്ട്. പ്രത്യേകിച്ച് പോസ്റ്റിന്റെ ഷോർട്ടേജിന്റെ ഫലമായി വിചാരിച്ച വേഗതയിൽ കർഷകർക്ക് കണക്ഷൻ കിട്ടുന്നില്ല എന്ന പരാതിയുണ്ട്. പുതിയ സ്കീം ഏർപ്പെടുത്തി കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ, അപേക്ഷിച്ച എല്ലാവർക്കും സമയബന്ധിതമായി കണക്ഷൻ നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? അതോടൊപ്പംതന്നെ ചിറ്റൂർ പ്രദേശം ഉൾപ്പെടെ കർഷകർ പണമടയ്ക്കാത്തതിന്റെ പേരിൽ കണക്ഷൻ ഡിസ്കണക്ട് ചെയ്യുന്നു എന്ന പരാതി പല ഭാഗത്തുമുണ്ട്. കേരളത്തിലെ കർഷകരുടെ ഇന്നാത്ത പ്രത്യേക സാഹചര്യത്തിൽ കണക്ഷൻ ഡിസ്കണക്ട് ചെയ്യാതെ അവരെ സഹായിക്കുന്നതിനുള്ള ഒരു പാക്കേജ് ഗവൺമെന്റ് തയ്യാറാക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: മെറ്റീരിയൽസിന്റെ കാര്യത്തിൽ ഷോർട്ടേജ് ഉണ്ടെന്നുള്ള കാര്യം ഞാൻ നേരത്തേ സഭയിൽ പറഞ്ഞിരുന്നു. തിരുവനന്തപുരം ആയിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് എന്നു ഞാൻ മനസ്സിലാക്കുന്നു. തിരുവനന്തപുരം അർബനിലും റൂറലിലും പോസ്റ്റ് കുറവാണ്. അത് അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പെട്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ കൊടുക്കുക എന്നുള്ളതാണ് ഒമ്പതുടെ ആവശ്യം. നോർമൽ കണക്ഷനെ സംബന്ധിച്ചിടത്തോളം first priority—industry, second priority—agriculture and third priority—domestic ആണ്. എന്തായാലും കൃഷിക്കാർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുതന്നെയാണ് ഇപ്പോൾ കണക്ഷൻ നൽകുന്നത്. അത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് കൈക്കൊണ്ടു വരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ചിറ്റൂരിലെ കൃഷിക്കാരുടെ കാര്യത്തിൽ നേരത്തേ ഹൈക്കോടതിയിൽ കേസ് ഉണ്ടായിരുന്നതാണ്. ആ കേസ് തള്ളിക്കളഞ്ഞപ്പോൾ ബോർഡിനോട് ഇതിൽ യുക്തമായ നടപടിയെടുക്കാൻ ഹൈക്കോടതി ആവശ്യപ്പെടുകയുണ്ടായി. ആ 16 കൃഷിക്കാരുടെ കേസുകളും തള്ളിക്കളഞ്ഞു. അത് തള്ളിക്കളഞ്ഞപ്പോൾ ബോർഡിലെ ഉദ്യോഗസ്ഥർ അത് ഡിസ്കണക്ട് ചെയ്യാനുള്ള നടപടി എടുത്തു. Arrears ഉണ്ടെങ്കിൽ 15 ദിവസത്തിനകം പണമടച്ചില്ലെങ്കിൽ ഏത് കണക്ഷനാണെങ്കിലും ഡിസ്കണക്ട് ചെയ്യാമെന്നാണ് സ്റ്റേറ്റർ റെഗുലേറ്ററി കമ്മീഷൻ പറഞ്ഞിട്ടുള്ളത്. എന്നാൽ ആ ഡിസ്കണക്ഷൻ നിർത്തിവയ്ക്കാനും അവർക്കെല്ലാം കണക്ഷൻ നൽകാനുമുള്ള നിർദ്ദേശം ഞാൻ നൽകിയിട്ടുണ്ട്. അവരുടെ കണക്ഷൻ പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അങ്ങ് (എ) ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ സൗജന്യ വൈദ്യുതി കൊടുക്കുന്നതിന്റെ വിശദാംശത്തെപ്പറ്റി പറഞ്ഞു. പക്ഷേ അവസാനം മറുപടി പറഞ്ഞപ്പോൾ 31-3-2005 വരെയുള്ള കണക്കനുസരിച്ച് ഇതിന്റെ കുടിശ്ശികയിനത്തിൽ 65 കോടി രൂപ കൃഷിവകുപ്പിൽ നിന്ന് ഇലക്ട്രിസിറ്റി ബോർഡിലേക്ക് അടയ്ക്കാനുണ്ട് എന്നുപറഞ്ഞു. ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിലവിൽ വന്ന സാഹചര്യത്തിൽ കമ്മീഷൻ ഉത്തരവനുസരിച്ച് ഇത്രയും സംഖ്യ കുടിശ്ശിക വച്ചാൽ അതിന്റെ ഫലം കൃഷിക്കാർക്കുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയെന്നുള്ളതാണ്. അതിന്റെ ഭാഗമായി കൃഷിക്കാർക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുന്ന വിധത്തിൽ പല സ്ഥലത്തും ഫ്യൂസ് ഊരിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഉണ്ടായ കേസുകളിൽ തൃശ്ശൂർ ജില്ലയിൽ നിന്ന് തന്നെ ഏതാണ്ട് 42-ഓളം കേസുകളും ഉണ്ടായി. ആ കേസുകളുടെ അടിസ്ഥാനത്തിൽ ഫ്യൂസ് ഊരിയതൊക്കെ താൽക്കാലികമായി പുനഃസ്ഥാപിച്ചുകൊടുക്കണമെന്ന് ഹൈക്കോടതി പറഞ്ഞെങ്കിലും റെഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തിന് വിധേയമായിക്കൊണ്ടു മാത്രമേ ഇതിന് കഴിയൂ എന്ന് ആ കോടതി ഉത്തരവിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അപ്പോൾ 65 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? ഇത് individual കൃഷിക്കാർക്കുള്ള സൗജന്യമാണ്. പാടശേഖര സമിതികൾക്കും ലിഫ്ട് ഇറിഗേഷൻ നടത്തുന്ന കൂട്ടു കൃഷിയുടെ അടിസ്ഥാനത്തിൽ വരുന്ന കൃഷിക്കാർക്കും ഈ ആനുകൂല്യം കിട്ടുന്നില്ല. അവർക്കു കൂടി കിട്ടാൻ നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ പറഞ്ഞിട്ടുള്ളത്. നെൽകൃഷിയെ മുഴുവൻ ഒഴിവാക്കിയിട്ടുണ്ട് എന്നാണ്. ഒരു കാര്യം പറയാം. 65 കോടി രൂപ മാർച്ച് 31-ന് തരാനുണ്ട്. ഈ വർഷം 15 കോടി രൂപ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് തന്നത് കഴിച്ചാണ് ഈ തുക. എന്നാലും ഞാനും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും തമ്മിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള,

LIBRARY ARCHIVES Kerala Legislative Assembly

ഈ സബ്സിഡിക്ക് അർഹരായ കൃഷിക്കാരുടെ കണക്ഷൻ ഡിസ്കണക്ട് ചെയ്യാൻ പാടില്ലായെന്നുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കൃഷിക്ക് കൊടുക്കാനുള്ളതിനു ഈ കൊല്ലം ബഡ്ജറ്റിൽ 25 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. അതിനുപുറമെ ആലപ്പുഴ, കായംകുളം പാടശേഖരങ്ങളിൽ നിന്ന് കൃഷിവകുപ്പിനു കിട്ടാനുള്ള പണം ഇതിലേക്ക് അഡ്ജസ്റ്റ് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. അത് ഏതാണ്ട് 18 കോടി വരും. ഇപ്പോഴത്തെ പ്രശ്നം, എല്ലാ പേരും കുടിശ്ശിക വേണ്ടെന്നു പറഞ്ഞു. എന്നാൽ ബഡ്ജറ്റിൽ 5 കോടി രൂപയാണ് ഉൾക്കൊള്ളിക്കുന്നത്.

മി. ചെയർമാൻ: ഏതായാലും പ്രശ്നമില്ലല്ലോ.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): പ്രശ്നമില്ല. പക്ഷേ ഇപ്പോഴത്തെ പ്രശ്നമില്ല എന്നു പറഞ്ഞാലും മറ്റ് നടപടികളും ഉണ്ടാകും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. കെ. പോക്കർ മാസ്റ്റർ: സർ, സാധാരണ കർഷകർ കാലാകാലങ്ങളിൽ പണം അടയ്ക്കുകയും പിന്നീട് കൃഷിഭവനിൽ നിന്നുള്ള അപേക്ഷ അനുസരിച്ച് reimburse ചെയ്യുകയും ചെയ്യുന്ന സമ്പ്രദായമാണ് ഇപ്പോഴത്തെ നിലവിലുള്ളത്. ഇതിന്റെ ഫലമായി എല്ലാ വർഷവും ഇതു പുതുക്കിയെടുക്കേണ്ട സാഹചര്യം ഇല്ലാത്തതുകൊണ്ട് പലപ്പോഴും ഡിസ്കണക്ട് ചെയ്ത സാഹചര്യം വരെ തൃശ്ശൂർ ജില്ലയിൽ ഉണ്ടായിട്ടുണ്ട്. ഇതൊഴിവാക്കുന്നതിനു ഇത് പഴയ കാലത്തെ പോലെ പണം അടയ്ക്കാതെ തന്നെ കൃഷിഭവനും, ഇലക്ട്രിസിറ്റി ബോർഡും തമ്മിലുള്ള ഒരു പ്രവർത്തന പരിപാടിയായി മാറ്റിയെടുക്കാനും എല്ലാ മാസവും പണം അടയ്ക്കുന്ന കർഷകന്റെ ബുദ്ധിമുട്ട് ഒഴിവാക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കുവാനും നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇപ്പോഴുള്ള സംഗതി അതാണ്. കൃഷിക്കാരൻ അടയ്ക്കുന്നില്ല. കൃഷിഭവനാണ് അടയ്ക്കുന്നത്. അതിൽ കൃഷിവകുപ്പ് തരാനുള്ള പണത്തിന്റെ കണക്കാണ് ഇവിടെ പറഞ്ഞത്. അതുകൊണ്ട് കൃഷിഭവനിൽ രജിസ്റ്റർ ചെയ്തത് renew ചെയ്തത് സബ്സിഡിക്കർഹതയുള്ള ഒരു കൃഷിക്കാരന്റെയും കണക്ഷൻ ഡിസ്കണക്ട് ചെയ്യാൻ പാടില്ല എന്നുള്ള നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ നിർദ്ദേശം എന്നാണ് ഉണ്ടായത്? കാരണം ഇന്നലെയും പാലക്കാട്ടുള്ള ഒരു കർഷക സംഘത്തിന്റെ നിവേദകർ വരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് നെല്ല് സംവരണത്തെ സംബന്ധിച്ചുള്ള അപര്യാപ്തത പറഞ്ഞതിന്റെ കൂടെ രണ്ടാമത്തെ ഐറ്റമായി പറഞ്ഞത് വൈദ്യുതി കണക്ഷന്റെ ഫ്യൂസ് വ്യാപകമായി ഊരിക്കൊണ്ടിരിക്കുന്നു. ആഴ്ചകളായിട്ട് ഊരിക്കൊണ്ടിരിക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരവ് എന്നാണ് അയച്ചത്? അതിന്റെ ഒരു കോപ്പി പ്രതിപക്ഷത്തിനു തരാൻ ദയവ് കാണിക്കുമോ? അത് കീഴോട്ട് എന്നു പോയിക്കാണും? അതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഒന്ന് വിശദമായി അന്വേഷിച്ച് കൃഷിക്കാർ എത്രയോ കാലമായി അനുഭവിച്ചുകൊണ്ടിരുന്ന സൗജന്യം ഇപ്പോൾ അവർക്കെത്താത്തതിനെപ്പറ്റിയുള്ള പരാതി ഗവൺമെൻറ് കർശനമായി കൈകാര്യം ചെയ്യുന്നുണ്ട് എന്ന് വരുത്തിത്തീർക്കാൻ ബഹുമാനപ്പെട്ട മന്ത്രി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ പറഞ്ഞത് ശരിയാണ്. ഞാനതിന് ഒരു ഉത്തരം പറഞ്ഞിരുന്നു. അന്ന് അങ്ങ് സഭയിലില്ലായിരുന്നു. ചിറ്റൂർ പ്രദേശത്തെ 2 ഹെക്ടർ വരെയുള്ള കരകൃഷിക്കാർ പണമടച്ചിട്ടില്ല. അവർക്കും ഈ സൗജന്യം ആവശ്യമാണെന്ന് പറഞ്ഞ് അവർ കോടതിയിൽ പോയി. വളരെ വർഷങ്ങളായി അതങ്ങനെ നിൽക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ കോടതി അവർക്ക് അതിനർഹതയില്ല എന്ന് പറഞ്ഞ് ഇലക്ട്രിസിറ്റി ബോർഡിനോട് അതിന് നടപടികൾ ആവശ്യപ്പെട്ടു അവരുടെ ഹർജി തള്ളിയിരിക്കുകയാണ". അതിൻെറ ഫലമായാണ് അങ്ങ് പറഞ്ഞ ഈ നിവേദകസംഘം അങ്ങയേയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും കണ്ടത്. നിലവിൽ 1.4.1997-ൽ ശ്രീ. രാജൻ മന്ത്രിയായിരിക്കുന്ന കാലത്താണ് 2 ഹെക്ടർ വരെയുള്ള കരകൃഷിക്കാരെ ഒഴിവാക്കിയത്. അതിനു മീതെയുള്ളവർ നൽകണം. ഈ പറയുന്ന ആളുകൾ ഒക്കെയും 2 ഹെക്ടറിൽ കൂടുതൽ ഉള്ളവരാണ്. നെൽകൃഷിക്കാരെ പൂർണ്ണമായി 1.8.1995-ൽ ശ്രീ. എ. കെ. ആൻറണി സർക്കാർ തന്നെ ഒഴിവാക്കിയിരുന്നു. അതു കഴിഞ്ഞ് 1.4.1997-ൽ ശ്രീ. രാജൻ, അങ്ങയുടെ പാർട്ടിയുടെ നേതാവ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ 2 ഹെക്ടർ വരെയുള്ള കരകൃഷിക്കാരെ ഒഴിവാക്കി. ഇത് ആണെങ്കിൽ 2 ഹെക്ടറിൽ കൂടുതലുള്ള ആളുകളാണ്. ആ ആളുകളെ ഒഴിവാക്കാൻ അങ്ങയുടെ പാർട്ടി ഭരിക്കുമ്പോഴും തീരുമാനിച്ചിട്ടില്ല. ഞങ്ങൾ ഭരിക്കുമ്പോഴും തീരുമാനിച്ചിട്ടില്ല. അതു കൊണ്ടാണ് ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥൻമാർ അതു ചെയ്തത്. എന്നാലും ഇന്നത്തെ സാഹചര്യങ്ങൾ കണക്കിലെടുത്ത് തൽക്കാലം ഡിസ്കണക്ട് ചെയ്യരുത്, അതിനുള്ള സാവകാശം കൊടുക്കണം എന്നുള്ള നിർദ്ദേശമാണ് നൽകിയത്. രണ്ടാമത്തേത് അങ്ങ് ചോദിച്ചത് എന്നാണ് നിർദ്ദേശം നൽകിയെന്നാണ്. ഞാൻ മന്ത്രിയായി വന്ന പിറ്റേ ദിവസം തന്നെ എനിക്ക് തൃശ്ശൂരിൽ നിന്ന് ഡിസ്കണക്ട് ചെയ്യുന്നുവെന്ന് പറഞ്ഞ് ഫോൺ കോൾ കിട്ടി. അന്നുതന്നെ ഞാൻ ഇക്കാര്യം ചെയർമാനെ വിളിച്ചുപറഞ്ഞു. അതായത് യാതൊരു കാരണവശാലും കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത കൃഷിക്കാരുടേത് കൃഷിഡിപ്പാർട്ടുമെൻറ് പണം അടച്ചിട്ടില്ല എന്നുള്ള കാരണത്താൽ ഡിസ്കണക്ട് ചെയ്യരുത് എന്നുള്ള oral direction ഞാൻ കൊടുത്തു. ആ കാര്യം ഞാൻ ഇതിനു മുമ്പ് ഈ നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, കൃഷിഭവനിൽ നിശ്ചിത തീയതിക്കുള്ളിൽ രജിസ്റ്റർ ചെയ്തതിലൂടെയെന്ന് പറഞ്ഞത് കുറച്ച് കൺഫ്യൂഷൻ ഉണ്ടായിരുന്നു, അതു തീർന്നോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട കൃഷിയും കയറും വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ അത് തീർത്തു. ഒരു നിശ്ചിത കാലാവധിക്കുള്ളിൽ renew

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തില്ലെങ്കിൽ അവർക്ക് സബ്സിഡിക്ക് അർഹതയില്ല എന്നുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി clear direction കൊടുത്തു. ഏതു സന്ദർഭത്തിലും renew ചെയ്യാനുള്ള ഒരു നിർദ്ദേശം നൽകിയതിന്റെ ഫലമായി ആ പ്രശ്നവും തീർന്നിട്ടുണ്ട്.

ശ്രീ. കെ. കെ. ഷാജു: സൗജന്യ വൈദ്യുതി എന്നുപറഞ്ഞാൽ അത് പമ്പിംഗ് സബ്സിഡി ഉൾപ്പെടെയുള്ളതാണ്. അതായത് ലിഫ്റ്റ് ഇറിഗേഷനുണ്ട്; watering-നും de-watering-നും ഉണ്ട്. ഇവിടെ പ്രശ്നം വൈദ്യുതി ഡിപ്പാർട്ടുമെന്റിൽ (കെ. എസ്. ഇ. ബിയിൽ) ഉന്നത ഉദ്യോഗസ്ഥൻമാരെ ഓരോ സന്ദർഭങ്ങളിലും പ്രത്യേകം പ്രത്യേകം സമീപിച്ച് അവരുടെ സഹായത്തോടെ മാത്രമേ ചെയ്യാൻ പാറുകയുള്ളൂ. പലപ്പോഴും കണക്ഷൻ കിട്ടേണ്ട സമയത്ത് കൃഷിക്കാരും പാടശേഖര സമിതികളും നെട്ടോട്ടമോടുകയാണ്. അതുകൊണ്ട് കൃഷി ഭവനുകളും കെ. എസ്. ഇ. ബി. യുടെ ഏറ്റവും താഴത്തെ അസിസ്റ്റൻറ് എഞ്ചിനീയർ ഓഫീസുമായി ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. നേരത്തേ ഉണ്ടായിരുന്ന ജി. ഒ., ഇന്നും നിലവിലുള്ള ജി. ഒ. അനുസരിച്ച് കൃഷി ഭവനിൽ നിന്ന് എ. ഇ. ക്ക് ലിസ്റ്റ് കൊടുത്ത്, ലിസ്റ്റ് കിട്ടിയാൽ 15 ദിവസം കൊണ്ട് ഇൻവോയ്സ് കൃഷി ഭവനിൽ കൊടുത്താൽ കൃഷി ഭവനിൽ നിന്ന് പണം അടയ്ക്കണം എന്നതാണ് വ്യവസ്ഥ. അതിനൊക്കെ പ്രയാസമുണ്ട്. സാമ്പത്തിക പ്രയാസമുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലേക്ക് പണം അടയ്ക്കുന്ന കാര്യത്തിൽ ശ്രീമതി ഗൗരിയമ്മ വളരെ അധികം ശ്രദ്ധിക്കുന്നുണ്ട്. പല ഡിസ്ക്ഷനും നടത്തിയപ്പോഴും ഇത് വ്യക്തമായതാണ്. നേരത്തെയുള്ള രീതിയെയുസരിച്ച് ഒരു നിശ്ചിത സമയം കഴിഞ്ഞാൽ ഇത് renew ചെയ്തുകൊടുക്കില്ല. അത് തിരുത്തി ഓർഡർ കൊടുത്തതുകൊണ്ട്, ശ്രീമതി ഗൗരിയമ്മയുടെ കൈയിൽത്തന്നെ കൊടുത്തതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടായി. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ എ. ഇ. ഓഫീസുകളും കൃഷി ഭവനുകളും തമ്മിൽ കോ-ഓർഡിനേഷൻ വേണമെന്നുള്ളത് ശരിയാണ്. അത് ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളും.

ശ്രീ. ടി. എം. ജേക്കബ്: സർ, രണ്ട് ഹെക്ടർ വരെ കരഭൂമിയുള്ളവർക്കും, നെൽകൃഷിക്കും സൗജന്യ വൈദ്യുതി നൽകുന്നു. അതിനു മുകളിലുള്ളവർക്ക് വൈദ്യുതിചാർജ്ജ് കൊടുക്കേണ്ടി വരുന്നു എന്നുള്ള ഒരു ദുരുപയോഗമുണ്ട്. കാർഷിക ആവശ്യങ്ങൾക്കും കാർഷികേതര ആവശ്യങ്ങൾക്കും എടുത്തിരിക്കുന്ന വൈദ്യുതി കണക്ഷനാണ് ഉപയോഗിക്കുന്ന ഇലക്ട്രോണിക് മീറ്റർ പലതും ഡിഫക്ടസ് വന്നതാണ്. അതുകൊണ്ട് വളരെ ഭീമമായ ചാർജ്ജ് കൊടുക്കേണ്ടതായി വരുന്നു. ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇലക്ട്രോണിക് മീറ്റർ നമുക്ക് ഒഴിവാക്കാൻ പറ്റില്ല. കേന്ദ്ര ഗവൺമെന്റ് നമ്മുടെ എല്ലാ സ്കീമിനും എ. പി. ഡി. ആർ. പി.-യുടെ ആയാലും ആർ. ജി. ജി. വി. വൈ. ആയാലും insist ചെയ്യുന്ന കാര്യം ഇലക്ട്രോണിക് മീറ്റർ വയ്ക്കണമെന്നാണ്. 1998 മുതൽ നാം ഇവിടെ ഇലക്ട്രോണിക് മീറ്റർ വച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. ഇപ്പോഴും മുപ്പത്തിരണ്ടു ലക്ഷത്തിൽപ്പരം ഇലക്ട്രോണിക് മീറ്ററുകളും സംസ്ഥാനത്തുണ്ട്. അതുപോലെ ഒരു ലക്ഷത്തിൽപ്പരം മീറ്ററുകൾക്ക് കേട് സംഭവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള പരാതികളും പല സ്ഥലത്തും ഉണ്ട്. അത് പരിശോധിച്ച് നടപടികളും എടുക്കുന്നുമുണ്ട്. ശരിയായ പരാതികൾക്ക് അപ്പോൾ തന്നെ പരിഹാരം ഉണ്ടാക്കുന്നുണ്ട്. ചില പരാതികൾ തെറ്റാണ്. ഇലക്ട്രോണിക് മീറ്ററിൽ എല്ലാവിധത്തിലുള്ള ചെറിയ ഉപയോഗവും റീഡ് ചെയ്യപ്പെടും. ആദ്യത്തെ മെക്കാനിക്കൽ മീറ്ററിൽ അങ്ങനെയില്ല. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസമാണത്. ഏകദേശം പത്തുശതമാനം വ്യത്യാസമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കാം.

ശ്രീ. പി. ജെ. ജോയി: സർ, രണ്ടുഹെക്ടറിൽ താഴെയുള്ള ചെറുകിട കർഷകർക്ക് വൈദ്യുതി സൗജന്യം നൽകുമ്പോൾ അൻപതുസെന്റും ഒരേക്കറുമുള്ള ചെറുകിട കർഷകർ ചേർന്ന് സംഘം രൂപീകരിച്ചു നടത്തുന്ന ചെറുകിട ജലസേചന പദ്ധതികളും ഉണ്ട്. അവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അവർക്കുകൂടി ഇതിന്റെ പ്രയോജനം ലഭിക്കാൻ ഉത്തരവിൽ ആവശ്യമായ മാറ്റം വരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): പരിശോധിച്ചു നോക്കാം. ഓരോരുത്തരായി അപേക്ഷിക്കണം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, രൂക്ഷമായ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്ന കാർഷിക മേഖലയ്ക്ക് ഇനി വൈദ്യുതി സബ്സിഡി നൽകാൻ കഴിയില്ല എന്നുള്ള പ്രധാനമന്ത്രിയുടെ പ്രഖ്യാപനം കേരളത്തിൽ നടപ്പിലാക്കുന്നതു മൂലമുള്ള ബുദ്ധിമുട്ട്, ആശങ്ക, പ്രകടിപ്പിച്ചുകൊണ്ട് ഈ ചോദ്യം ചോദിക്കുകയാണ്: കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽകൃഷി ഊർജ്ജിതമാക്കുന്നതിനുവേണ്ടി കർഷകർക്ക് ജലസേചനാവശ്യങ്ങൾക്കായി എത്ര യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകിവരുന്നുണ്ട്, ഇത് എത്ര കർഷകർക്ക് പ്രയോജനം ചെയ്യുന്നു. ഇനിയും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എത്രത്തോളം വൈദ്യുതി സൗജന്യമായി ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇത് പ്രത്യേക ചോദ്യമായി ചോദിച്ചാലേ പറയൂ. എന്താണെങ്കിലും നെൽകൃഷിക്കാർക്ക് എത്ര ഭൂമിയുണ്ടെങ്കിലും അതിന് കറൻറ് ചാർജ് കൊടുക്കേണ്ടതില്ല. അതുപോലെ കരകൃഷിക്കാർക്ക് രണ്ടു ഹെക്ടർ വരെയുള്ളവർക്ക് സബ്സിഡി ഗവൺമെൻറ് നൽകും എന്നു മാത്രമല്ല പാലക്കാട് ജില്ലയിൽ എത്ര കൃഷിക്കാരുണ്ടോ, എത്ര യൂണിറ്റ് ഉപയോഗിക്കുന്നുണ്ടോ അവർ കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരാണെങ്കിൽ അവരെ മുഴുവൻ ഒഴിവാക്കിക്കൊടുക്കും.

ശ്രീ. ഇസ്ഹാക് കുരിക്കൾ: മലപ്പുറം ജില്ലയിലെ ധാരാളം കൃഷിക്കാർക്ക് whether proof connection ഇല്ലാത്തതുകൊണ്ട് ഇലക്ട്രിസിറ്റി ഓഫീസിൽ അന്വേഷിച്ചാൽ പോസ്റ്റില്ല, പോസ്റ്റൊക്കെ നിലമ്പൂരിലേക്കുപോയി എന്നു പറയും. മഞ്ചേരി സർക്കിളിൽ ഒരു പോസ്റ്റിംഗ് യൂണിറ്റ് തുടങ്ങുമെന്ന് അങ്ങ് ഒരു ഉത്തരം നൽകിയിരുന്നു, അത് ഈ വർഷം തുടങ്ങുമോ? അതുവഴി പാവപ്പെട്ട കർഷകർക്ക് കണക്ഷൻ ലഭിക്കാൻ പോസ്റ്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: മഞ്ചേരിയിൽ പോലും കാസ്റ്റിംഗ് യൂണിറ്റ് തുടങ്ങുമെന്ന് പറയുകയല്ല അത് ടെൻഡർ കൊടുത്ത് ആ പ്ലാന്റിന്റെ പ്രവൃത്തി മഞ്ചേരിക്കും വണ്ടൂരിനുമിടയിൽ 'രൂപ' എന്ന കമ്പനി തുടങ്ങി കഴിഞ്ഞു, ഒന്നൊന്നര മാസംകൊണ്ട് അതിൽ നിന്നുള്ള പോരസ് പണി തീർന്ന് പുറത്തുവരും. കണക്ഷൻ നൽകുന്ന കാര്യത്തിൽ മഞ്ചേരിയെക്കാളും പുറകിൽ നിൽക്കുന്നത് നിലമ്പൂരാണ്. 1998-ൽ മിനിമം ഗ്യാരന്റി വച്ചത്വരെയുണ്ട്. എവിടെയാണോ പിന്നോക്കാവസ്ഥ അവിടേക്ക് പോകും.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കൃഷിക്കാർക്ക് വൈദ്യുതി കൊടുക്കുന്ന കാര്യത്തിൽ പാലക്കാട് ജില്ലയോട് പ്രകടിപ്പിക്കാത്ത താൽപ്പര്യം അവിടുത്തെ കറന്റു തീനി വ്യവസായങ്ങൾക്ക്, പ്രത്യേകിച്ച് കേരളീയർക്ക് തൊഴിൽ ലഭിക്കാത്ത പരിസ്ഥിതി പ്രശ്നങ്ങൾ മാത്രം സൃഷ്ടിക്കുന്ന വ്യവസായങ്ങൾക്ക്, ഇലക്ട്രിസിറ്റി നൽകുന്ന കാര്യത്തിൽ എടുക്കുന്നു എന്ന ആക്ഷേപം ഉണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ: ആര്യാടൻ മുഹമ്മദ്: സർ, ഇലക്ട്രിസിറ്റിയുടെ കമ്മി ഇവിടെ ഇല്ല. ആ വ്യവസായങ്ങൾ എത്ര ഉപയോഗിച്ചാലും കേരളത്തിലെ ഏത് വ്യവസായങ്ങൾ ഉപയോഗിച്ചാലും കൊടുക്കാനുള്ള പവർ ഇന്ന് ഇലക്ട്രിസിറ്റി ബോർഡിന്റെ കൈവശമുണ്ട്. ഇലക്ട്രിസിറ്റി കണക്ഷനു വേണ്ടിയുള്ള മെറ്റീരിയൽസിന്റെ പ്രശ്നമാണ്. ഈ പ്രശ്നം തീർക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. അങ്ങ് പറയുന്ന വ്യവസായങ്ങൾ കഞ്ചിക്കോട്ടുള്ള സ്റ്റീൽ പ്ലാന്റുകളാണ്. ആ ഫാക്ടറികളിൽ നിന്നാണ് ഏറ്റവും വലിയ കളവ് പിടിച്ചിട്ടുള്ളത്. പാരഗൺ കമ്പനി മാത്രമല്ല അവിടെയുള്ള മുഴുവൻ കമ്പനികളും പരിശോധിച്ചു. അൻപത് ലക്ഷം, ഒരു കോടി, ഏഴ് കോടി വരെ പിടിച്ചുവെന്ന് അങ്ങ് മനസ്സിലാക്കണം.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, കൃഷിഭവനിൽനിന്ന് കൊടുക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി കൊടുക്കുന്നത് എന്നു പറഞ്ഞു. കൃഷിഭവനിൽ ഒരിക്കൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് രജിസ്ട്രേഷൻ വീണ്ടും പുതുക്കാൻ നിർദ്ദേശിക്കുകയുണ്ടായി. അന്ന് വിട്ടുപോയവർക്കും ഇപ്പോൾ പുതിയ കൃഷിക്കാർക്കും രജിസ്റ്റർ ചെയ്യാൻ അവസരം കൊടുക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, വിട്ടുപോയ ആൾക്കാർക്കും പുതിയ ആളുകൾക്കും രജിസ്റ്റർ ചെയ്യാൻ അനുവാദം നൽകിക്കൊണ്ട് കൃഷി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ബഹുമാനപ്പെട്ട മന്ത്രി കർഷകർക്ക് രണ്ടു ഹെക്ടർ വരെ സൗജന്യ വൈദ്യുതി നൽകുന്നുവെന്ന് സൂചിപ്പിച്ചിരുന്നു. കരകൃഷി വരുന്ന സ്ഥലങ്ങളിൽ ഭൂമിയുടെ കിടപ്പനുസരിച്ച് പോസ്റ്റ് ഇട്ട് കണക്ഷൻ കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. നേരത്തേ കണക്ഷൻ കൊടുക്കുമ്പോൾ കേബിൾ ഇട്ട് കണക്ഷൻ കൊടുക്കുന്ന രീതി ഉണ്ടായിരുന്നു. ഇപ്പോൾ അതിന് വിലക്ക് ഉണ്ടെന്നറിയുന്നു. പ്രത്യേക സാഹചര്യം പരിഗണിച്ച് അത്തരം വൈദ്യുതി കണക്ഷൻ കേബിൾ ഇട്ട് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? പാടശേഖരങ്ങളിൽ തടി പോസ്റ്റ് ഇട്ട് കണക്ഷൻ കൊടുക്കുന്നത് കൂടുതൽ നല്ലതാണെന്ന അഭിപ്രായമുണ്ട്. അത് പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേബിൾ ഇട്ട് നേരത്തേ കണക്ഷൻ നൽകിയിരുന്നു; പിന്നീട് അത് നിർത്തലാക്കുകയും ചെയ്തു. നിർത്തലാക്കാൻ കാരണം മോഷണത്തിന് ഏറെവും നല്ല സാദ്ധ്യതയുണ്ടെന്ന് കണ്ടതുകൊണ്ടാണ്. എന്നാൽ ഇപ്പോൾ ബി.എസ്.എൻ.എൽ.ന്റെ ബോക്സ് വയ്ക്കുന്നതുപോലെ റോഡ് സൈഡിൽ ബോക്സ് ഉണ്ടാക്കാൻ, അതിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എല്ലാം പരിശോധിച്ച് കേബിൾ കണക്ഷൻ കൊടുക്കേണ്ടതിന്റെ കാര്യം ആലോചിക്കാൻ ബോർഡിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തടി പോസ്റ്റിന്റെ കാര്യത്തിൽ, തേക്കിന് വില കൂടുതലാണ്. കുറച്ചുകഴിയുമ്പോൾ പ്രയാസമാവും. എന്നാലും ഇക്കാര്യത്തിൽ ബോർഡിനോട് ആലോചിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. സി. മമ്മൂട്ടി: സർ, കരകൃഷിക്കാരുടെ കാര്യത്തിൽ രണ്ടു ഹെക്ടർ വരെ സൗജന്യ വൈദ്യുതി എന്ന് പറഞ്ഞു. എന്നാൽ കരകൃഷിക്കാരായ കാപ്പി, തേയില കൃഷിക്കാർ ഇപ്പോഴും കുത്തുപാളയെടുക്കുന്ന വിഭാഗമായിരിക്കുന്നു. അവരുടെ ഉൽപ്പന്നങ്ങൾക്ക് വിലയില്ലാതായിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഏറെവും കൂടുതൽ കഷ്ടപ്പെടുന്ന ഒരു വിഭാഗം എന്ന നിലയ്ക്ക് ഇവർക്ക് രണ്ടു ഹെക്ടർ എന്നുള്ളത് നാലു ഹെക്ടർ വരെയെന്ന് വർദ്ധനവ് വരുത്താൻ, അക്കാര്യം പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: കൂട്ടുത്തരവാദിത്വത്തോടെ ഞാൻ പറയുന്നു ഞാൻ അല്ല പരിഗണിക്കേണ്ടത്. ഗവൺമെന്റ് മൊത്തത്തിലാണ്. കൃഷി വകുപ്പുമായും ഇക്കാര്യം ആലോചിക്കണം. കാരണം ഇപ്പോഴത്തന്നെ ബഡ്ജറ്റ് അനുസരിച്ചുപോലും, അറുപത്തഞ്ചു കോടിയോളം രൂപ കുടിശ്ശികയുണ്ട്. അതുകൊണ്ട് ഇത് പരിഗണിക്കാമോ ഇല്ലയോ എന്ന് ഗവൺമെന്റിന് ആലോചിച്ചു മാത്രമേ പറയാൻ കഴിയൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണ പ്രവൃത്തി

* 3 [291] ശ്രീ. ലൂഡി ലൂയിസ്:

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിന് മുമ്പ് അതിന്റെ സ്ഥാപിത ശേഷിയും യഥാർത്ഥ ശേഷിയും എത്ര വീതമായിരുന്നു;

(ബി) പ്രസ്തുത പദ്ധതികളുടെ നവീകരണം പൂർത്തിയാകുമ്പോൾ അവയുടെ സ്ഥാപിത ശേഷിയും യഥാർത്ഥ ശേഷിയും എത്ര കണ്ട് ഉയരുമെന്നാണ് അത് സംബന്ധിച്ച കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്;

(സി) ഈ വ്യവസ്ഥ അനുസരിച്ച് പ്രസ്തുത പദ്ധതികളുടെ ശേഷി വർദ്ധിക്കാത്ത പക്ഷം സ്വീകരിക്കേണ്ട അനന്തര നടപടികളെപ്പറ്റി കരാറിൽ പറഞ്ഞിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly